# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 27.09.2026** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. ഉന്നത വിദ്യാഭ്യാസ മേഖലയിലെ വനിതാ പ്രാതിനിധ്യം വികസിത ഭാരതമെന്ന ലക്ഷ്യത്തിന് മുതൽക്കൂട്ടെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ; തിരുവനന്തപുരം എസ് യു ടി അക്കാദമി ഓഫ് മെഡിക്കൽ സയൻസസിൻറെ ബിരുദദാന ചടങ്ങിൽ ഉപരാഷ്ട്രപതി പങ്കെടുത്തു.

   **Vice President C. P. Radhakrishnan says greater representation of women in higher education will contribute to the goal of a developed India; Vice President attends convocation ceremony of SUT Academy of Medical Sciences in Thiruvananthapuram.**

2. ഭീകരവിരുദ്ധ നയത്തിൽ ഇന്ത്യ ലോകത്തിന് മുന്നിൽ പുതിയ മാതൃക സൃഷ്ടിച്ചതായി 'മൻ കീ ബാത്തി'ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says India has set a new example before the world in its counter-terrorism policy, in his 'Mann Ki Baat' programme.**

3. രാജ്യത്തെ ആദ്യ എൽ എൻ ജി ട്രെയിൻ ഗുജറാത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഫ്ലാഗ് ഓഫ് ചെയ്തു.

   **Union Home Minister Amit Shah flags off the country's first LNG-powered train in Gujarat.**

4. കേരളത്തിൽ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് നാളെ; വോട്ടെണ്ണൽ മറ്റന്നാൾ.

**By-elections to 38 local self-government wards in Kerala tomorrow; counting of votes day after tomorrow.**

5. സംസ്ഥാനത്തെ തീരദേശ ജില്ലകളിൽ ചുവപ്പു ജാഗ്രത തുടരുന്നു. കള്ളക്കടൽ പ്രതിഭാസത്തെ തുടർന്ന് നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

**Red alert continues in coastal districts of Kerala; fishing ban remains in force till tomorrow due to the swell surge phenomenon.**

6. ഏഷ്യൻ ഗെയിംസ് ലോങ്ജമ്പിൽ മലയാളി താരം ആൻസി സോജന് വെള്ളി; പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ വെസ്റ്റ് ഇൻഡീസിനെതിരെ ഇന്ത്യക്ക് 296 റൺ വിജയലക്ഷ്യം.

**Malayali athlete Ancy Sojan wins silver in women's long jump at the Asian Games; India set a target of 296 runs against West Indies in the first match of the men's ODI cricket series.**

**&&&&&&&&&&&&&&&&&&&&&&**

## VP- SUT -INTRO

ഉന്നത വിദ്യാഭ്യാസ മേഖലയിലെ വനിതാ പ്രാതിനിധ്യം വികസിത ഭാരതമെന്ന ലക്ഷ്യത്തിന് മുതൽക്കൂട്ടെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. തിരുവനന്തപുരം എസ് യു ടി അക്കാദമി ഓഫ് മെഡിക്കൽ സയൻസസിന്റെ ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സാങ്കേതികമായി മികവു പുലർത്തുമ്പോഴും അനുകമ്പയുള്ളവരാകണമെന്നും, ജീവിത വിജയം നേടുമ്പോൾ സമൂഹത്തോട് ചേർന്ന് നിൽക്കണമെന്നും അദ്ദേഹം വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്തു.

(ഹോൾഡ് വോയിസ്)

**&&&&&&&&&&&&&&&&&&&&&&**

## VP VISIT-KOLLAM

നേരത്തേ, കൊല്ലത്ത് മാതാ അമൃതാനന്ദമയിയുടെ ജന്മദിനാഘോഷസമ്മേളനത്തിൽ വിശിഷ്ടാതിഥിയായി ഉപരാഷ്ട്രപതി പങ്കെടുത്തു. സാമൂഹ്യസേവനം ആത്മീയതയിൽനിന്ന് വേറിട്ടതല്ലെന്ന് ബോധ്യപ്പെടുത്തുന്നതാണ് അമൃതാനന്ദമയി മഠത്തിന്റെ പ്രവർത്തനങ്ങളെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## PM-MKB - 1

പാകിസ്ഥാനിലെ ഭീകരകേന്ദ്രങ്ങൾക്കെതിരെ ഇന്ത്യൻ സൈന്യം നടത്തിയ സർജിക്കൽ സ്ട്രൈക്ക്, ഭീകരവിരുദ്ധ നയത്തിൽ ഇന്ത്യ ലോകത്തിന് മുന്നിൽ പുതിയ മാതൃക സൃഷ്ടിച്ചതിന്റെ തെളിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആകാശവാണിയിലെ 'മൻ കീ ബാത്' പരിപാടിയിലൂടെ രാജ്യത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യ നാളെ സർജിക്കൽ സ്ട്രൈക്കിന്റെ പത്താം വാർഷികം ആചരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## PM-MKB - 2

എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും സെൻസസിന്റെ ആദ്യഘട്ടം പൂർത്തിയായി വരുന്നതായി പ്രധാനമന്ത്രി പറഞ്ഞു. 32 കോടിയിലധികം കുടുംബങ്ങളുടെ വിവരങ്ങൾ ഇതിനകം രേഖപ്പെടുത്തി. മൊബൈൽ ഫോൺ വഴി സെൻസസ് പോർട്ടലിൽ 2 കോടി 60 ലക്ഷത്തിലധികം പേർ സ്വയം വിവരങ്ങൾ രേഖപ്പെടുത്തിയതായി പ്രധാനമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## PM MKB - INTRO

പോഷകാഹാരക്കുറവിനെതിരെയുള്ള പോരാട്ടത്തിനായി സമർപ്പിച്ചിരിക്കുന്ന മാസമാണ് സെപ്റ്റംബറെന്നു പ്രധാനമന്ത്രി പറഞ്ഞു. ഈ മേഖലയിൽ രാജ്യത്തുടനീളം വലിയ മുന്നേറ്റമാണ് നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&&&&&

## PM-MKB - 3

അടുത്തമാസം 2ന് മഹാത്മാഗാന്ധിയുടെ ജന്മവാർഷികമാണെന്നു പരാമർശിച്ച ശ്രീ മോദി, ജനപങ്കാളിത്തത്തിലൂടെയുള്ള ശുചിത്വ സേവനമാണ് ബാപ്പുവിനുള്ള യഥാർഥ ശ്രദ്ധാഞ്ജലിയെന്ന് പറഞ്ഞു. ഇന്ത്യ വികസിതമാക്കുന്നതിൽ ലഹരിമുക്ത യുവതയുടെ പങ്കാളിത്തം അനിവാര്യമെന്നും പ്രധാനമന്ത്രി പറഞ്ഞു. 100 ആഴ്ച നീളുന്ന 'നശാ മുക്ത് യുവ അഭിയാനി'ൽ ഏവരും സജീവമായി പങ്കെടുക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

&&&&&&&&&&&&&&&&&&&&&&

## PM-MKB - 4

രാജ്യം ഈ വർഷം അഭിമാനത്തോടെ 'സോമനാഥ് സ്വാഭിമാൻ പർവ്" ആഘോഷിച്ചതും പ്രധാനമന്ത്രി പരാമർശിച്ചു. 'ഒരു ജില്ലാ ഒരു ഉൽപ്പന്നം' പദ്ധതിയിലൂടെ വോക്കൽ ഫോർ ലോക്കൽ ക്യാമ്പയിൻ കരുത്താർജിക്കുമെന്നും പ്രധാനമന്ത്രി 'മൻ കീ ബാത്തി'ൽ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&

## AMIT SHAH - GUJARAT-INTRO

രാജ്യത്തെ ആദ്യ എൽ എൻ ജി ട്രെയിൻ ഗുജറാത്തിലെ സാബർമതി സ്റ്റേഷനിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഫ്ലാഗ് ഓഫ് ചെയ്തു. റെയിൽവെ രംഗത്ത് ഡീസൽ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാനാണ് ശ്രമിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. റെയിൽവെ ശൃംഖലയിൽ 99.6 ശതമാനം വൈദ്യുതീകരണം നടത്തിയതായും ശ്രീ ഷാ പറഞ്ഞു.

(ഹോൾഡ് വോയിസ്)

ഡീസൽ ഉപഭോഗത്തിന്റെ 40 ശതമാനം കുറയ്ക്കാൻ ശേഷിയുള്ളതാണ് പുതിയ എൽ എൻ ജി ട്രെയിൻ.

&&&&&&&&&&&&&&&&&&&&&&

## RAJNATH-DEFENCE

ഇന്ത്യ മറ്റ് രാജ്യങ്ങളുടെ പ്രദേശങ്ങൾ കൈയ്യടക്കാൻ ആഗ്രഹിക്കുന്നില്ലെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. എന്നാൽ ഭീഷണി ഉയരുമ്പോൾ സ്വന്തം സുരക്ഷയും തന്ത്രപരമായ സ്വയംഭരണാധികാരവും സംരക്ഷിക്കുമെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ഒരു മാധ്യമ സ്ഥാപനം സംഘടിപ്പിച്ച പ്രതിരോധ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&&&&

## ARMY CHIEF - DEFENCE

യുദ്ധങ്ങളുടെ സ്വഭാവവും സാങ്കേതികവിദ്യയും ദൈർഘ്യവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ശേഷി വികസനത്തിലും സ്വാശ്രയത്വത്തിലും ചലനാത്മകമായ സമീപനം ആവശ്യമാണെന്ന് ചടങ്ങിൽ പങ്കെടുത്ത കരസേനാ മേധാവി ജനറൽ ധിരജ് സേഠ് പറഞ്ഞു. ഇന്ത്യയുടെ സവിശേഷമായ ഭൂപ്രകൃതി, പ്രവർത്തനപരമായ

ആവശ്യകതകൾ എന്നിവയ്ക്ക് അനുസൃതമായി വേണം സൈനിക ശേഷികൾ രൂപകൽപ്പന ചെയ്യേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## LOCAL BODY BYPOLL

കേരളത്തിൽ 38 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നാളെ. കൊല്ലം, ആലപ്പുഴ ഒഴികെ 12 ജില്ലകളിലെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിൽ, നാളെ രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്. മറ്റന്നാളാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&&&&&&&

## PM 25 YEARS- NAMO BHARAT

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുകയാണ്. റെയിൽ ഗതാഗതത്തിൽ നിർണ്ണായകമായ മാറ്റങ്ങൾ കൊണ്ടുവന്ന നമോ ഭാരത് റാപ്പിഡ് റെയിൽ പദ്ധതിയെക്കുറിച്ചാണ് സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്. ഇന്ത്യയിലെ ആദ്യ റീജിയണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റമാണ് നമോ ഭാരത്. മണിക്കൂറിൽ 180 കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കാൻ ട്രെയിനിന് ശേഷിയുണ്ട്. ഈ വർഷം ഫെബ്രുവരിയിലാണ് നമോ ഭാരത് പ്രവർത്തനമാരംഭിച്ചത്.

&&&&&&&&&&&&&&&&&&&&&&

## IMD KERALAM

കേരളത്തിൽ മറ്റന്നാൾ മുതൽ മൂന്ന് ദിവസം ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ

40 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കേരളം - മാഹി - ലക്ഷദ്വീപ് - തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഇന്നും നാളെയും കള്ളക്കടൽ ജാഗ്രത നിർദേശവുമായി ബന്ധപ്പെട്ട് ചുവപ്പു ജാഗ്രത നിലനിൽക്കുന്നതിനാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&&&&&

## ASIAN GAMES- INTRO

ജപ്പാൻ ഏഷ്യൻ ഗെയിംസിൽ വീണ്ടും മലയാളിത്തിളക്കം. വനിതകളുടെ ലോങ്ജമ്പിൽ ആൻസി സോജൻ ഇന്ത്യക്കായി വെള്ളി നേടി. സ്ക്വാഷിലും ഇന്ത്യക്ക് ഇരട്ട വെള്ളി മെഡൽ ലഭിച്ചു.

**വിശദാംശങ്ങളിലേക്ക്.....**

**(വോയിസ്)**

നിലവിൽ നാല് സ്വർണ്ണവും 16 വെള്ളിയും 17 വെങ്കലവുമടക്കം 37 മെഡലുമായി ഇന്ത്യ പന്ത്രണ്ടാം സ്ഥാനത്താണ്.

## ASIAN GAMES- VOICE

സ്ക്വാഷ് പുരുഷ വിഭാഗത്തിൽ അഭയ് സിങ്ങും വനിതാ വിഭാഗത്തിൽ അനാഹത് സിങ്ങുമാണ് ഇന്ത്യക്കായി വെള്ളി സ്വന്തമാക്കിയത്. സ്ക്വാഷ് മിക്സഡ് ഡബിൾസിൽ ജോഷ്ന ചിന്നപ്പ-വേലവൻ സെന്തിൽകുമാർ സഖ്യം വെങ്കലം സ്വന്തമാക്കി. വനിതകളുടെ 200 മീറ്റർ ഓട്ടത്തിൽ ഹരിത ഭദ്രയും വെങ്കല നേട്ടത്തിലെത്തി. ക്രിക്കറ്റിൽ സ്വർണ പ്രതീക്ഷയോടെ ഇന്ത്യൻ പുരുഷ ടീമിന്റെ മത്സരങ്ങൾക്കു നാളെ തുടക്കമാകും. ക്വാർട്ടർ ഫൈനലിൽ ഇന്ത്യ നാളെ അഫ്ഗാനിസ്ഥാനെ നേരിടും. നേരത്തെ വനിതാ വിഭാഗം ക്രിക്കറ്റിൽ ഇന്ത്യ സ്വർണ്ണം

കരസ്ഥമാക്കിയിരുന്നു.
ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&&&&&&

## IND-WI- CRICKET

വെസ്റ്റ് ഇൻഡീസിനെതിരായ പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് 296 റൺ വിജയലക്ഷ്യം. തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ടോസ് നഷ്ടമായി ആദ്യം ബാറ്റ് ചെയ്ത വെസ്റ്റ് ഇൻഡീസ് 7 വിക്കറ്റിന് 295 റൺ എടുത്തു. ജസ്റ്റിൻ ഗ്രീവ്സ് സെഞ്ചുറി നേടി.

&&&&&&&&&&&&&&&&&&&&&&

## RUSSIA-INDIA-UNSC SEAT

യുഎൻ രക്ഷാ സമിതിയിലെ സ്ഥിരാംഗത്വത്തിനായുള്ള ഇന്ത്യയുടെ വാദത്തെ ശക്തമായി പിന്തുണച്ച് റഷ്യ. ഐക്യരാഷ്ട്ര പൊതുസഭയിൽ റഷ്യൻ വിദേശ കാര്യമന്ത്രി സെർജി ലാവ്റോവ് ആണ് ഇക്കാര്യം അറിയിച്ചത്.

&&&&&&&&&&&&&&&&&&&&&&

## SWACHHATA HI SEVA- KOCHI

സ്വച്ഛത ഹി സേവയുടെ ഭാഗമായി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ ആൻ്റ് എഞ്ചിനീയറിംഗ് ട്രെയിനിംഗ്, ഫോർട്ട് കൊച്ചിയിൽ ഇന്ന് ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. കൊച്ചി കോർപ്പറേഷൻ കൗൺസിലർ ഷൈനി മാത്യു ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&&&&&

## GOLD RATE

സ്വർണ്ണ വിലയിൽ മാറ്റമില്ല. പവന് ഒരു ലക്ഷത്തി 11,960 രൂപയും ഗ്രാമിന് 13,995 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&

## KSRTC

മഹാനവമി, വിജയദശമി, ദീപാവലി ആഘോഷങ്ങളുടെ ഭാഗമായുള്ള യാത്രാത്തിരക്ക് പരിഗണിച്ച് KSRTC പ്രത്യേക അന്തർ സംസ്ഥാന സർവീസുകൾ പ്രഖ്യാപിച്ചു. അടുത്ത മാസം 14 മുതൽ നവംബർ 14 വരെ ബെംഗളൂരു, മൈസൂരു, ചെന്നൈ എന്നീ നഗരങ്ങളിൽ നിന്ന് കേരളത്തിലേക്കും തിരിച്ചും അധിക സർവീസ് നടത്തും.

&&&&&&&&&&&&&&&&&&&&&&

## WORLD TOURISM DAY

ഇന്ന് ലോക വിനോദസഞ്ചാര ദിനം. കേരളത്തിന്റെ സാംസ്കാരിക വൈവിധ്യത്തെ സാങ്കേതികവിദ്യയുടെ സഹായത്തോടെ ലോകത്തിന് മുന്നിൽ എത്തിക്കുന്ന പുതിയ ടൂറിസം മാതൃക സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി പി സി വിഷ്ണുനാഥ് പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&